(ബി) റീജിയണൽ കാൻസർ സെന്റർ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകൾ, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ, കോഴഞ്ചേരി, കൊല്ലം, പാലക്കാട് എന്നീ ജില്ല ആശുപത്രികൾ, എറണാകുളത്തും പാലക്കാടുമുള്ള ഏർളികാൻസർ ഡിറ്റക്ഷൻ സെന്ററുകൾ, കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള പെയിൻ ആന്റ് പാലിയേറ്റീവ് സെന്ററിന്റെ ഉപകേന്ദ്രങ്ങളിലും സാന്ത്വന ചികിത്സ നൽകി വരുന്നുണ്ട്.

(സി) വേദന, ശ്വാസംമുട്ട്, വ്രണങ്ങൾ തുടങ്ങിയ ശാരീരികമായ ബുദ്ധിമുട്ടുകൾ മാറ്റുന്നതോടൊപ്പം രോഗിക്കും കുടുംബത്തിനും മാനസികവും സാമൂഹ്യവുമായ താങ്ങ് നൽകുന്നു. കൂടാതെ രോഗിക്ക് മെച്ചപ്പെട്ട ജീവിതവും ചിലവ് കുറഞ്ഞ ചികിത്സയും ലഭ്യമാക്കുന്നതും ഈ ചികിത്സാ രീതിയുടെ പ്രത്യേകതകളാണ്.

(ഡി) പ്രതിവർഷം റീജിയണൽ കാൻസർ സെന്ററിൽ 2200 പേരും കോഴിക്കോട് പെയിൻ ആന്റ് പാലിയേറ്റിവ് കെയർ സെന്ററിൽ 2500-ഉം മറ്റ് ഉപകേന്ദ്രങ്ങളിൽ ഏകദേശം 300 ഓളം പേർക്കും ഈ ചികിത്സ ലഭിക്കുന്നുണ്ട്. കേരളത്തിൽ സാന്ത്വന ചികിത്സ ആവശ്യമുള്ളവരുടെ എണ്ണം 50,000ൽ കൂടാനാണ് സാദ്ധ്യത.

(ഇ) അഞ്ചു സർക്കാർ ആശുപത്രികളിൽ ഇപ്പോഴുള്ള സാന്ത്വന ചികിത്സാ സമ്പ്രദായം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ഇതിനായി 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി കോഴിക്കോടിനും (6.75 ലക്ഷം) പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി തൃശ്ശൂരിനും (3.25 ലക്ഷം) ആയി വീതിച്ചു നൽകിയിട്ടുണ്ട്. മോർഫിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി അതിനുള്ള എക്സൈസ് നിയന്ത്രണങ്ങളിൽ അയവ് വരുത്തിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡി-അഡിക്ഷൻ സെന്റർ

159 (3349) ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് ഡി-അഡിക്ഷൻ സെന്ററിനുവേണ്ടി കെട്ടിടം നർമ്മിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പണം പ്രസ്തുത കെട്ടിടം പണിക്ക് ചെലവഴിച്ചിട്ടുണ്ടോ;

(സി) കെട്ടിടം പണി ഏതുഘട്ടത്തിലാണ്;

(ഡി) ഈ ഇനത്തിലുള്ള എട്ട് ലക്ഷം രൂപ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ നടപടി കേന്ദ്ര ഗവൺമെന്റിന്റെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ചാണോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത്തരത്തിൽ പണം കൈമാറുന്നതിന് മുൻപ് കോളേജ് പ്രിൻസിപ്പാളിന്റെ അഭിപ്രായം ആരാഞ്ഞിരുന്നുന്നോ ;

(ജി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ജി) ഡി-അഡിക്ഷൻ സെന്ററിനു വേണ്ടി കെട്ടിടം പണിയുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച തുക കെ.എസ്.എച്ച്.ആർ.ഡബ്ല്യു. എസ്.-ന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ അതിന് മുൻപുതന്നെ ഇതിനായി ലഭിച്ച കേന്ദ്രസഹായം പൊതുമാരാമത്ത് വകുപ്പിന് കൈമാറുകയും ടി വകുപ്പ് കെട്ടിടം പണി തുടങ്ങി ഗ്രൗണ്ട് ലവലിംഗ് പൂർത്തിയാക്കുകയും ചെയ്തു. ഡി-അഡിക്ഷൻ സെന്ററിന് ആവശ്യമായ സ്ഥലം കെ.എച്ച്.ആർ.ഡബ്ല്യു.എസ് -ന് ലഭ്യമാക്കുമെന്ന വ്യവസ്ഥയിലാണ് ഈ പണം കൈമാറാൻ തീരുമാനിച്ചത് അതിൽ വ്യവസ്ഥാ ലംഘനമൊന്നുമില്ല. പ്രിൻസിപ്പൽ കൂടി പങ്കെടുത്ത ചർച്ചയിലാണ് ഈ തീരുമാനം കൈക്കൊണ്ടത്.

ആരോഗ്യ വകുപ്പ് മുഖേന അനുവദിച്ച സൗജന്യങ്ങൾ

160 (3350) ശ്രീ. വി. ബാലറാം :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1995-96, 1996-97, 1997-98, 1998-99, എന്നീ വർഷങ്ങളിലും 1999-2000-ൽ ഇതുവരെയും ആരോഗ്യവകുപ്പ് പൗരൻമാർക്ക് എന്തു തുകയുടെ ചികിത്സാ സൗജന്യം അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും ഓരോരുത്തർക്കും വേണ്ടി എന്തു തുകയുടെ സൗജന്യം അനുവദിച്ചിട്ടുള്ളതായി കണക്കാക്കുന്നു ;

(സി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള വരവെത്രയായിരുന്നു ;

(ഡി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും ഉണ്ടായ പ്രതിശീർഷ വരവെത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വരുമാന പരിധി 1500 രൂപ വരെ ഉള്ളവർക്ക് സൗജന്യമായി ചികിത്സ നൽകിവരുന്നു. ഓരോ വ്യക്തിക്കും ചികിത്സ ഇനത്തിൽ എത്രമാത്രം തുക ചെലവാകുന്നു എന്നതിന്റെ കണക്ക് രേഖപ്പെടുത്തുന്ന നടപടി നിലവിലില്ല.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly